## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ : ഹരിത.വി.കുമാർ . IAS )

വിഷയം:- വനിത ശിശു വികസന വകുപ്പ് - അങ്കണവാടി ജീവനക്കാരുടെ 2025 മെയ് ( 2025 ജൂൺ മാസം ചെലവഴിക്കുന്നത് ) മാസത്തെ തദ്ദേശ സ്വയഭരണ സ്ഥാപന വിഹിത ഓണറേറിയം അനുവദിച്ചുത്തരവാകുന്നു.

പരാമർശം:1. സ.ഉ. (സാധാ) നം 263/2024 WCDD തീയതി 25-07-2024
2 സ.ഉ. (സാധാ) നം 115/2024 WCDD തീയതി 16-03-2024
3 സീനിയര് ഫിനാന്സ് ഓഫീസറുടെ 02-09-2024 ലെ DWCD/1542/2024-A3 നമ്പര് കുറിപ്പ്

**ഉത്തരവ് നം. DWCD/5264/2024-ICDSB6 തീയതി: 04/06/2025**

വനിത ശിശു വികസന വകുപ്പിൻ കീഴിലെ അങ്കണവാടി പ്രവർത്തകർക്കുള്ള ഹോണറേറിയം 60:40 അനുപാതത്തില് കേന്ദ്ര-സംസ്ഥാന സര്ക്കാര് അനുവദിക്കുന്ന വേതനം, സംസ്ഥാന സര്ക്കാര് അനുവദിക്കുന്ന അധിക വേതനം, തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം എന്നീ മൂന്നു തരത്തില് പ്രതിമാസം അനുവദിച്ചു വരുന്നു.
സംസ്ഥാനത്തെ 33120 അങ്കണവാടികളിലെ വർക്കർ, ഹെൽപ്പർമാർക്ക് , 2025 മെയ് (2025 ജൂൺ മാസം ചെലവഴിക്കുന്നത്) തദ്ദേശ സ്വയഭരണ സ്ഥാപന വിഹിത ഹോണറേറിയം നൽകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം ഹോണറേറിയം തുക അനുവദിക്കേണ്ടതുണ്ട്

ഹോണറേറിയം തുക അനുവദിക്കുന്ന 2235-02-102-34 (NP) ശീർഷകത്തിൽ ഫണ്ട് ലിമിറ്റ് ഉയർത്തി നൽകുന്നതിലേക്കായി എല്ലാ മാസവും സർക്കാരിലേക്ക് അനുമതി ആവശ്യപ്പെട്ടു വരികയാണ്. എന്നാൽ ആഗസ്റ്റ് മാസം മുതൽ ഫണ്ട് ലിമിറ്റ് ഉയർത്തുന്നതിന് അതത് മാസങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിത ഹോണറേറിയം തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതായി പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിത ഹോണറേറിയം നൽകുന്നതിന് ആവശ്യമായ 12,08,88,000/- രൂപയിൽ നിന്ന് ജില്ലകളിൽ അവശേഷിക്കുന്ന തുകയായ 38,03,562/- രൂപ കുറച്ച് 11,70,84,438/- (പതിനൊന്ന് കോടി എഴുപത്

ലക്ഷത്തി എൺപത്തി നാലായിരത്തി നാനൂറ്റി മുപ്പത്തി എട്ട്) രൂപ കീഴ് കാര്യാലയ മേധാവികൾക്ക് ചുവടെ ചേർക്കും പ്രകാരം അനുവദിച്ചുത്തരവാകുന്നു.

**അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം LSGD Share – H/A : 2235-02-102-34 (NP)**
**2025 മെയ്**

| ക്രമ നം | ജില്ല | അങ്കണവാടികളുടെ എണ്ണം | ഒരു മാസം പ്രതീക്ഷിക്കുന്ന പരമാവധി ചെലവ് (AWW @ Rs.2200/- & AWH @ Rs.1450/-) | ഇതുവരെ അലോട്ട് ചെയ്ത തുക | കഴിഞ്ഞ മാസം വരെയുള്ള ചെലവ് | ജില്ലകളിൽ അവശേഷിക്കുന്ന തുക | മെയ് മാസത്തെ ഓണറേറിയം അനുവദിക്കുന്നതിന് അലോട്ട് ചെയ്യുന്ന തുക (col. 4 – col.7) |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | Thiruvananthapuram | 3061 | 11172650 | 21841404 | 21363274 | 478130 | 10694520 |
| 2 | Kollam | 2723 | 9938950 | 19382717 | 18935942 | 446775 | 9492175 |
| 3 | Pathanamthitta | 1389 | 5069850 | 9978837 | 9800910 | 177927 | 4891923 |
| 4 | Alapuzha | 2150 | 7847500 | 15388036 | 15085809 | 302227 | 7545273 |
| 5 | Kottayam | 2050 | 7482500 | 14696239 | 14455564 | 240675 | 7241825 |
| 6 | Idukki | 1561 | 5697650 | 11186178 | 10980469 | 205709 | 5491941 |
| 7 | Ernakulam | 2858 | 10431700 | 20566539 | 20267375 | 299164 | 10132536 |
| 8 | Thrissur | 3016 | 11008400 | 21724009 | 21415097 | 308912 | 10699488 |
| 9 | Palakkad | 2838 | 10358700 | 20371034 | 20004978 | 366056 | 9992644 |
| 10 | Malappuram | 3808 | 13899200 | 27483669 | 27189728 | 293941 | 13605259 |
| 11 | Kozhikkodu | 2938 | 10723700 | 21176416 | 20922011 | 254405 | 10469295 |
| 12 | Wayanad | 876 | 3197400 | 6292135 | 6192382 | 99753 | 3097647 |
| 13 | Kannur | 2504 | 9139600 | 18069362 | 17862490 | 206872 | 8932728 |
| 14 | Kasargod | 1348 | 4920200 | 9731674 | 9608658 | 123016 | 4797184 |
| | *Total* | *33120* | *120888000* | 237888249 | 234084687 | *3803562* | *117084438* |

ജില്ലാ ശിശു വികസന ഓഫീസർമാർ മേൽ പട്ടികയുടെ അടിസ്ഥാനത്തിൽ അങ്കണവാടി പ്രവർത്തകരുടെ 2025 മെയ് മാസത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിത ഹോണറേറിയം അലോട്ട്മെന്റായി ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നല്കേണ്ടതാണ്.

അങ്കണവാടി പ്രവർത്തകരുടെ തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം ഹോണറേറിയം ഇനത്തിൽ ആവശ്യമായ തുക, 11,70,84,438/-( പതിനൊന്ന് കോടി എഴുപത് ലക്ഷത്തി എൺപത്തി നാലായിരത്തി നാന്നൂറ്റി മുപ്പത്തി എട്ട്) രൂപ 2235-02-102-34 (NP) ശീർഷകത്തിൽ നിന്നും പിൻവലിക്കാവുന്നതാണ്

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

സൂപ്രണ്ട് അക്കൗണ്ട് സെക്ഷന്

പകര്പ്പ് :

1. എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസര്മാര്ക്കും
2. എല്ലാ ശിശുവികസനപദ്ധതി ഓഫീസര്മാര്ക്കും
3 വെബ് സൈറ്റില് പ്രസിദ്ധീകരിക്കുന്നതിന്ന്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്